# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2519** **21.01.2021-ൽ മറുപടിക്ക്**

## നെന്മാറ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. കെ. ബാബു | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം മെന്ന് വിശദമാക്കുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ, വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീ കരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീ കരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 'എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 33.2 കി.മീ ഹൈ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തികളും, 108.5 കി.മീ ലോ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തികളും, 48.3 കി.മീ ലൈൻ കൺവേർഷൻ പ്രവൃത്തികളും, 105 കി.മീ ലോ ടെൻഷൻ ലൈൻ റീകണ്ടക്ടറിംഗ് പ്രവൃത്തികളും, 86 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും, 12240 പുതിയ സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികൾ |
| (ബി) | ഈ പദ്ധതികൾക്കായി ആകെ അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നെന്മാറ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.<br><br>മേൽ വിവരിച്ച പദ്ധതികൾക്കായി ആകെ 37.26 + 8 = 45.26 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ